ചോറ്റുപാറ ഗവൺമെന്റ് എൽ. പി. സ്ക്കൂളിനുവേണ്ടി എൻ.ആർ.ഇ.പി. യിലെടുത്തു പണിയുന്ന കെട്ടിടം

863. [1069] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അഴുത ബ്ലോക്കിൽ ചോറ്റുപാറ ഗവൺമെന്റ് എൽ.പി. സ്ക്കൂളിനു വേണ്ടി എൻ. ആർ. ഇ. പി. യിലെടുത്തു പണിയുന്ന കെട്ടിടം ഇപ്പോൾ നടത്തുന്ന നോമിനി പണിയാത്ത സാഹചര്യത്തിൽ ടിയാനെ ഒഴിവാക്കി പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇടുക്കി ജില്ലാ പ്രോജക്റ്റ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സ്പിൽ ഓവർ എൻ. ആർ. ഇ. പി. റോഡുകൾ

864. [1070] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്പിൽ ഓവർ എൻ. ആർ. ഇ. പി. റോഡുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ :

(ബി) എത്രയും വേഗം ഇതിന്റെ പണി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-4-1986-ലെ കണക്കനുസരിച്ചു മൊത്തം 1116 സ്പിൽ ഓവർ റോഡുപണികളാണ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	—	106
കൊല്ലം	—	104
ആലപ്പുഴ	—	66
പത്തനംതിട്ട	—	44
കോട്ടയം	—	77
ഇടുക്കി	—	147
എറണാകുളം	—	94
തൃശ്ശൂർ	—	66
പാലക്കാട്	—	131
മലപ്പുറം		63
കോഴിക്കോട്	—	70
വയനാട്	—	58
കണ്ണൂർ	—	72
കാസർഗോഡ്	—	18
ആകെ		1116

(ബി) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly